# MALAYALAM



എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

## Question 1

ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ കുറിച്ച് 200 വാക്കുകളിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക. **[15]**

**(i)** 'മാലിന്യം മഹാവിപത്ത്_ 'പരിസ്ഥിതി ശുചീകരണം സമൂഹത്തിൽ എത്രമാത്രം ആവശ്യമാണ് ഈ വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക

**(ii)** 'നോവൽ ഒരു സാംസ്കാരിക സാഹിത്യ രൂപമാണ് നോവലിന്റെ ആരംഭത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും ഉപന്യസിക്കുക.

**(iii)** 'കേരളത്തിന്റെ നവനിർമ്മാണശില്പികളിൽ പ്രധാനിയാണ് ഇ.ശ്രീധരൻ' - ഉപന്യസിക്കുക.

## Question 2

ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് കത്തെഴുതുക. **[7]**

**(i)** 'ഇനിയൊരു യുദ്ധമുണ്ടാകാൻ ഇടയാകരുത് '- ഈ വിഷയത്തെ ഉന്നയിച്ചുകൊണ്ട് ഐക്യരാഷ്ട്രസംഘടന തലവന് കത്തെഴുതുക.

**(ii)** നിങ്ങളുടെ വിദ്യാലയത്തിലെ വാർഷികാഘോഷത്തെ പറ്റി വിവരിച്ചുകൊണ്ട് സുഹൃത്തിന് കത്തെഴുതുക.

## Question 3

താഴെ നല്കിയിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനു ശേഷം ഒപ്പമുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

പണ്ടത്തെ തറവാട് വീടുകളോട് ചേർന്ന് കാവുകൾ ഉണ്ടായിരുന്നു.കുറ്റൻ വൃക്ഷങ്ങളും കുറ്റിച്ചെടികളും വള്ളിപ്പടർപ്പുകളും ഔഷധസസ്യങ്ങളും കുളവും ദേവതാസ്ഥാനവും ഒക്കെ ഉള്ള സ്ഥലമായിരുന്നു കാവുകൾ. കിളികളും പ്രാണികളും പാമ്പുകളും കുറുക്കനും കീരിയും ഒക്കെയായി ധാരാളം ചെറുജീവികളും ഈ കാവുകളിൽ താമസിച്ചു പോന്നു. ഗ്രാമത്തിലെ ശുദ്ധവായുവും തണുപ്പും തണലും കുടിവെള്ളവും ഒക്കെ നൽകിയ കുട്ടി വനങ്ങളാണ് ശരിക്കും കാവുകൾ. അത് ആരും കൈകേറി നശിപ്പിക്കാതിരിക്കാൻ ആയി ഒരുപാട് കഥകൾ കാവുകളെപ്പറ്റി നാട്ടിൽ പ്രചരിച്ചിരുന്നു. 'കുടിവെള്ളം മുട്ടും: കാവ് അശുദ്ധമാക്കരുത്', 'കാവിൽ വിളക്ക് വയ്ക്കണം' തുടങ്ങിയവയൊക്കെ അതിൽ ചിലതതാണ്. തെയ്യം, തിറ, കളമെഴുത്ത് തുടങ്ങിയ ധാരാളം കലാരൂപങ്ങളും കാവുകളുമായി ബന്ധപ്പെട്ട് വളർന്നവയാണ്. പ്രകൃതിയെ ഭാരതീയർ ദൈവമായി കണ്ട് ആരാധിച്ചിരുന്നു, സംരക്ഷിച്ചിരുന്നു. അന്ധവിശ്വാസം എന്നു പറഞ്ഞ് പിന്നീട് പല കാവുകളും നശിപ്പിക്കപ്പെട്ടു.

ചോദ്യങ്ങൾ

**(i)** കാവുകൾ എവിടെയാണ് സ്ഥിതി ചെയ്തിരുന്നത്? **[2]**

**(ii)** കാവിന്റെ ചുറ്റും എന്തെല്ലാം ജീവികളാണ് ഉണ്ടായിരുന്നത്? **[2]**

**(iii)** കാവുകൾ നശിപ്പിക്കാതിരിക്കാൻ നിലവിൽ ഉണ്ടായിരുന്ന കഥകൾ എന്തെല്ലാം? **[2]**

**(iv)** ഏതെല്ലാം കലാരൂപങ്ങളാണ് കാവുമായി ബന്ധപെട്ടു പോന്നത്? **[2]**

**(v)** ഗദ്യത്തിന് ഉചിതമായ ശീർഷകം കണ്ടെത്തുക. **[2]**

## Question 4

നിർദ്ദേശമനുസരിച്ച് ഉത്തരം എഴുതുക.

**(i)** ശരിയായ ഒറ്റ പദം എഴുതുക. **[1]**

(a) പ്രതീക്ഷയെ ജനിപ്പിക്കുന്നത്

(b) സാധാരണമല്ലാത്തത്

**(ii)** ശരിയായ വാക്ക് തിരഞ്ഞെടുക്കുക. **[1]**

(a) സർവ്വ സൈന്യാധിപൻ

(b) സർവ്വസൈന്യാദിപൻ

(c) സർവ്വ ദൈന്യധിപൻ

(d) സർവ്വസൈന്യാതിപൻ

**(iii)** അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ- എന്ന പഴഞ്ചൊല്ലിന് ആശയമായി വരുന്നത് ഏത്? **[1]**

(a) വിനയം

(b) ശീലം

(c) അത്യാഗ്രഹം

(d)ക്ഷമ

**(iv)** സ്വർണ്ണം എന്ന വാക്കിന് പര്യായം അല്ലാത്ത പദങ്ങൾ **[1]**

(a) പൊന്ന്, തങ്കം

(b) കാഞ്ചനം, ഹിരണം

(c) വൈഡൂര്യം, മരതകം

**(v)** പിരിച്ചെഴുതുക. **[1]**

(a) മുഖത്തിപ്പോഴും

(b) ഉറങ്ങു കൂടുക

**(vi)** വിപരീതപദം എഴുതുക. **[1]**

(a) ദുർലഭം

(b)നെടിയ

**(vii)** വാക്യത്തിൽ പ്രയോഗിക്കുക. **[1]**

(a) അസാധാരണമായ

(b)ഭഗീരഥപ്രയത്നം

**(viii)** വിഗ്രഹ പദം എഴുതുക. **[1]**

(a) നിദ്രാഭംഗം

(b)മംഗള ദീപം

## Question 5

വിശദമായി ഉത്തരമെഴുതുക.

**(i)** ഹിരോഷിമ/ നാഗസാക്കി എന്നീ സ്ഥലങ്ങൾക്ക് ചരിത്രപരമായി എന്ത് പ്രാധാന്യമാണ് **[4]**

ഉള്ളത്?

(ii) പാലം പണിയിൽ ഇ.ശ്രീധരൻ ഉപയോഗിച്ച നൂതന വിദ്യ എന്തായിരുന്നു? ഇതിന്റെ പ്രയോജനം എന്ത്? [4]

(iii) ആശയം വിശദമാക്കുക. [4]

'ദുഃഖിച്ചു കൊള്ളൂ ഞാനും പ്രാകൃതനെന്ന എന്നപോലെ മൈക്കണ്ണി തന്നെ തിരഞ്ഞാശു പോയ്ചൊല്ലാമല്ലോ'

- രാമൻ ചിന്തിക്കുന്നതിനുള്ള കാരണം വിശദമാക്കുക.

(iv) ചലനമറ്റ് കിടന്ന യുവാവിന്റെ അടുത്തേക്ക് കടന്നു വന്നവർ എത്ര?അവർ എങ്ങനെയുള്ളവർ ആയിരുന്നു? [4]

(v) പദ്യം പൂരിപ്പിക്കുക. [4]

രാമനും മായ........ വഞ്ചിക്കെന്നതേ വരൂ

(vi) എങ്ങനെയാണ് ശ്രീധരൻ തൊഴിലാളികളുടെ കാര്യക്ഷമത കൂട്ടിയത്? കാരണം? [4]

(vii) നിങ്ങളുടെ കാലത്ത് നടന്നുകൊണ്ടിരിക്കുന്നത് നടന്നു കഴിഞ്ഞതോ ആയ ഏതെങ്കിലും ഒരു യുദ്ധത്തെ കുറിച്ച് കുറിപ്പെഴുതുക. [4]

(viii) ചലനമറ്റു കിടക്കുന്ന യുവാവിന്റെ അവസ്ഥയ്ക്ക് കാരണം എന്തെല്ലാം അല്ലെന്നാണ് നോവലിസ്റ്റ് പറയുന്നത്? [4]

(ix) പാമ്പൻ പാലം ആദ്യം നിർമ്മിച്ചത് ആരാണ്? എന്തിനുവേണ്ടി? വിശദീകരിക്കുക. [4]

(x) ലഘു വിവരണം തയ്യാറാക്കുക - ഹിരോഷിമ എന്ന (മരിച്ച) കുഞ്ഞു പെൺകുട്ടി. [4]

******